(ബി) പേ വിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് രോഗികളിൽ പാർശ്വ ഫലങ്ങൾ സൃഷ്ടിച്ചത് ഗുണനിലവാരം കുറഞ്ഞ മരുന്ന് കുത്തിവച്ചതിൽ നിന്നുണ്ടാ യതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോഴുള്ള അനലിറ്റിക്കൽ ലാബ് തികച്ചും അപര്യാപ്തമായതിനാൽ അത് വിപുലീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ബ്ലഡ് ബാഗുകൾ വാങ്ങുന്ന നടപടി

141 [142] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ ആശുപത്രികൾക്ക് ആവശ്യമായ ബ്ലഡ് ബാഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടു ത്തുന്ന ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ബ്ലഡ് ബാഗുകൾ വാങ്ങുന്നതിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ വകുപ്പ് കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ വാങ്ങിയ ഏതെങ്കിലും കമ്പനിയുടെ ബ്ലഡ് ബാഗുകൾ നിശ്ചിത ഗുണനിലവാരമില്ലാത്ത വയാണെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കമ്പനിയുടേതാണെന്നും അതിൽ എന്തുനടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്താമോ;

(ഡി) ഗുണനിലവാരം പുലർത്തുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏതെങ്കിലും കമ്പനിയിൽനിന്നും വീണ്ടും ബ്ലഡ് ബാഗുകൾ വാങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോൾ ഏതു കമ്പനികളിൽ നിന്നാണ് ബ്ലഡ് ബാഗുകൾ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19-10-1994-ലെ സ.ഉ.(എം. എസ്.)നം. 323/94/ആകു വ.-ഉം 21-12-1998-ലെ സ.ഉ (എം.എസ്.) നം. 355/98/ആകുവ. ഉം ഉള്ളടക്കം ചെയ്തിരിക്കുന്നു.†

(ബി) ബ്ലഡ് ബാഗുകൾ വാങ്ങിയതിൽ യാതൊരുവിധ ക്രമക്കേടുകളും നടന്നിട്ടില്ല.

(സി & ഡി) ഇല്ല.

(ഇ) പോളി മെഡിക്യുർ, ഹിന്ദുസ്ഥാൻ ലാറ്റക്സ്, ടെറുമോ പെൻപോൾ എന്നീ കമ്പനികളിൽ നിന്ന്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ്

142 [143] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു എന്ന് ഒഴിവുകൾ അറിയിച്ച തീയതി സഹിതം വെളിപ്പെടുത്തുമോ;

(സി) കൊല്ലം ജില്ലയിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് കാറ്റഗറി തിരിച്ചു വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനത്തിനായി തയ്യാറാക്കിയിട്ടുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റിൽ നിന്നും പരമാവധി പേർക്ക് നിയമനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly